ശ്രീ. കെ. പി. എ. മജീദ് : സർ, പരമ്പരാഗതമായി മത്സ്യവിതരണ രംഗത്ത് ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് പ്രത്യേകമായി വല്ല ക്ഷേമപരിപാടിയും ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം. വ്യക്തമാക്കുമോ?

ശ്രീ. കെ. കരുണാകരൻ : ഇപ്പോൾ നിലവിലുള്ള പദ്ധതിയിൽ അവർ ഉൾപ്പെടുന്നില്ല. അവർക്ക് പ്രത്യേകമായി എന്തെങ്കിലും ചെയ്യാമോ എന്ന് പരിശോധിക്കാം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : മത്സ്യം തലച്ചുമടായി കൊണ്ടുപോകുന്ന, കാൽനടയായികൊണ്ടുപോയി വിൽക്കുന്ന പരമ്പരാഗതമായി ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന പല ആളുകൾക്കും ഇത്തരം ആനുകൂല്യങ്ങൾ കിട്ടുന്നില്ലായെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ : ശരിയാണ്. മത്സ്യത്തൊഴിലാളികളെന്നു പറഞ്ഞാൽ പരമ്പരാഗതമായി മത്സ്യം പിടിക്കുന്ന തൊഴിലാളികളാണ്. അതേ കുടുംബത്തിൽനിന്നും ആ തൊഴിലാളികൾ മത്സ്യം കൊണ്ടുപോയി വിൽപ്പന ചെയ്യുന്നവരെ സഹായിക്കുന്ന ആളുകൾ മാത്രമേ മത്സ്യത്തൊഴിലാളികളുടെ പരിധിയിൽ പെട്ടിട്ടുള്ളു എന്നതാണ് സത്യം.

ശ്രീ. വി. കെ. രാജൻ : മത്സ്യ വിതരണരംഗത്തെ തൊഴിലാളികൾ ഇപ്പോൾ വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. നിയമത്തിൽ അവർ ഉൾപ്പെടുന്നില്ല എങ്കിലും അവരെക്കൂടി ഈ നിയമത്തിന്റെ പരിധിയിൽ ഉൾക്കൊള്ളിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ : ഈ നിയമത്തിന്റെ പരിധിയിൽ ഉൾക്കൊള്ളിക്കാൻ സാദ്ധ്യമല്ല. പല വിഭാഗം തൊഴിലാളികളുടെ കൂട്ടത്തിൽ ഇവർക്കുള്ള ബുദ്ധിമുട്ടുകൾ പരിശോധിക്കുന്നതാണ്.

സാമൂഹ്യ വനവൽക്കരണ പദ്ധതിയിലെ അഴിമതി

*431. ശ്രീ. പി. സി. തോമസ് (കടത്തുരുത്തി) :
ശ്രീമതി കെ. ആർ. ഗൗരി:
ശ്രീ. എം. ജീനദേവൻ :
„ വി. എസ്. ചന്ദ്രശേഖരൻ പിള്ള :
„ വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ വനവർക്കരണ പദ്ധതിയിലെ അപാകതകളെപ്പറ്റി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയിൽ അഴിമതി കാണിച്ച എത്ര ഉദ്യോഗസ്ഥൻമാർക്ക് എതിരെ ഇതേവരെ കേസ് രജിസ്റ്റർ ചെയ്തു; എത്ര പേർക്ക് ശിക്ഷ കൊടുത്തു; എത്ര പേരെ സസ്പെൻഡ് ചെയ്തു ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇടുക്കിയിൽ സസ്പെന്റ് ചെയ്ത 12 ഉദ്യോഗസ്ഥൻമാരെ ധൃതി വച്ചു സർവ്വീസിൽ തിരിച്ചെടുത്തതിന് കാരണം എന്ത്; അവർ കുറ്റക്കാർ അല്ലെന്ന് തെളിഞ്ഞോ;

(ഡി) സാമൂഹ്യ വനവൽക്കരണ പദ്ധതിയിൽ എത്ര രൂപയുടെ അഴിമതിയും അപഹരണവും ക്രമക്കേടുകളും ഇതേവരെ ഫോറസ്റ്റ് വിജിലൻസ് വിഭാഗം പിടികൂടിയിട്ടുണ്ട്;

(ഇ) അതിന്റെ വിശദവിവരം വെളിപ്പെടുത്താമോ;

(എഫ്) ഈ പദ്ധതിയെക്കുറിച്ച് ധനകാര്യവകുപ്പു നടത്തിയ അന്വേഷണ റിപ്പോർട്ട് വെളിപ്പെടുത്താമോ;

(ജി) 1982 മുതൽ 1985 വരെ ഈ പദ്ധതിപ്രകാരം എത്ര കോടി തൈകൾ സ്വകാര്യ ഭൂമിയിൽ വെച്ചുപിടിപ്പിക്കാനായിരുന്നു പരിപാടി;

(എച്ച്) വിതരണം ചെയ്ത തൈകളിൽ എത്ര തൈകൾ പൊടിച്ചു നിൽക്കുന്നുണ്ട്?

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) സാമൂഹ്യവനവൽക്കരണ പരിപാടി നടപ്പിലാക്കുന്നതിൽ ചില അപാകതകൾ ഉണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 21 ഉദ്യോഗസ്ഥന്മാർക്കെതിരെ ശിക്ഷണനടപടികൾ എടുത്തിട്ടുണ്ട്. നടപടികൾ പൂർത്തീകരിക്കാത്തതുകൊണ്ട് ആരെയും ഇതുവരെ ശിക്ഷിച്ചിട്ടില്ല. പന്ത്രണ്ട് ഉദ്യോഗസ്ഥന്മാരെ സസ്പെൻഡ് ചെയ്തിട്ടുണ്ടായിരുന്നു.

(സി) അവരുടെ പേരിലുള്ള ശിക്ഷണനടപടികൾക്ക് കാലതാമസം വന്ന സാഹചര്യത്തിൽ സസ്പെൻഡ് ചെയ്ത ആദ്യബാച്ച് ഉദ്യോഗസ്ഥന്മാരുടെ കാര്യം ആറുമാസം കഴിഞ്ഞ് റിവ്യൂ നടത്തിയതിൽ അവരുടെ പേരിലുള്ള ശിക്ഷണനടപടികൾക്ക് തടസ്സം നേരിടാത്ത രീതിയിൽ അവരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുവാൻ തീരുമാനിക്കുകയാണ് ഉണ്ടായത്.

തുടർന്ന് രണ്ടാം ബാച്ചിലെ ഉദ്യോഗസ്ഥന്മാരെയും സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചും. നടപടികൾ പൂർത്തിയാകുന്നതുവരെ സാമൂഹ്യവനവൽക്കരണ വിഭാഗത്തിൽ നിയോഗിക്കരുതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ശിക്ഷണനടപടികൾ പൂർത്തീകരിക്കാതെ അവർ കുറ്റക്കാരാണോ അല്ലയോ എന്ന് തീരുമാനിക്കാൻ സാദ്ധ്യമല്ല. സസ്പെൻഷൻ ഒരു ശിക്ഷയല്ല.

(ഡി), (ഇ) 22 ലക്ഷത്തി രണ്ടായിരം രൂപ ചിലവഴിച്ചു നടത്തിയ സാമൂഹ്യ വനവൽക്കരണ പരിപാടികളിലാണ് ക്രമക്കേടുകൾ കണ്ടുപിടിച്ചിട്ടുള്ളത്. നടപടി പൂർത്തിയായതിനുശേഷം മാത്രമേ എത്ര രൂപയുടെ അഴിമതിയും അപഹരണവും നടന്നു എന്ന് പറയുവാൻ കഴിയുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ധനകാര്യവകുപ്പിന്റെ അന്വേഷണം പൂർത്തിയായിട്ടില്ല.

(ജി) പന്ത്രണ്ടുകോടി എഴുപത്തിമൂന്നുലക്ഷം തൈകൾ വിതരണം ചെയ്യാനായിരുന്നു പരിപാടിയെങ്കിലും ഈ കാലയളവിൽ പതിനാറു കോടി തൊണ്ണൂറ്റിയെട്ടു ലക്ഷം തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

(എച്ച്) തിരുവനന്തപുരം, ഇടുക്കി ജില്ലകളിൽ രണ്ട് സ്ഥലത്ത് നടത്തിയ സാമ്പിൾ പരിശോധനയിൽ 70-79 ശതമാനം തൈകൾ പൊടിച്ചുനിൽക്കുന്നതായി കണ്ടിട്ടുണ്ട്. വിപുലമായ തോതിൽ വിശദമായ സർവ്വേ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

<u>ശ്രീ. പി. സി. തോമസ്</u> (കടുത്തുരുത്തി): സാമൂഹ്യവനവൽക്കരണ പദ്ധതിയനുസരിച്ച് റോഡിന്റെ ഇരുവശങ്ങളിലും തൈകൾ വച്ച് പിടിപ്പിക്കുന്നുണ്ട്. അതിന് വേണ്ടത്ര സംരക്ഷണനടപടികൾ നടത്തുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ കാര്യം പ്രത്യേകം ശ്രദ്ധിക്കുമോ?

<u>ശ്രീ. കെ. പി. നൂറുദ്ദീൻ</u> : റോഡിന്റെ ഇരുവശങ്ങളിലും തൈകൾ വച്ചുപിടിപ്പിക്കുന്ന ഒരു സമ്പ്രദായമുണ്ട്. പഴയ കാലങ്ങളിൽ ഇഷ്ടികവച്ച് കെട്ടിയത് ചില സ്ഥലങ്ങളിൽ നശിപ്പിച്ചതിനെ തുടർന്ന് കരിങ്കല്ലും തൂണും കമ്പിയും ഇട്ട് അത് സംരക്ഷിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

<u>ശ്രീ. പി. സി. തോമസ്</u> (കടുത്തുരുത്തി): സർ, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ കയ്യിൽ സ്ഥലമുള്ളപ്പോൾ സ്വകാര്യ വ്യക്തികളുടെ സ്ഥലം വാടകയ്ക്കെടുത്ത് നഴ്സറി തയ്യാറാക്കിയതിന്റെ ഉദ്ദേശ്യം എന്താണ്? അതിന്റെ പേരിൽ പരാതി വരികയാണെങ്കിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി എടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. കെ. പി. നൂറുദ്ദീൻ</u> : സർ, തീർച്ചയായും നടപടി എടുക്കും. വനം വകുപ്പിന്റെ കയ്യിൽ തന്നെ നഴ്സറിക്കാവശ്യമായ സ്ഥലം ഉണ്ടായിരിക്കെ അത് ഉപയോഗിക്കാതെ സ്വകാര്യവ്യക്തികളുടെ സ്ഥലം വാടകയ്ക്കെടുത്തു എന്നുവന്നാൽ തീർച്ചയായിട്ടും ഇക്കാര്യത്തെക്കുറിച്ച് അന്വേഷിക്കുന്നതും നടപടി എടുക്കുന്നതുമാണ്.

<u>ശ്രീമതി കെ. ആർ. ഗൗരി</u> : സർ, സാമൂഹ്യവനവൽക്കരണ പരിപാടിക്ക് എത്ര കോടി രൂപയാണ് വേൾഡ്ബാങ്കിൽനിന്ന് സഹായം കിട്ടിയത്; ഈ പദ്ധതിയനുസരിച്ച് തൈകൾ വിതരണം ചെയ്യുന്നതിന് യാതൊരു കണക്കുമില്ല. കൊടുക്കുന്ന ആളുകളുടെ പേരെഴുതാറില്ല. കൊടുക്കുന്ന തൈകളുടെ കണക്കെഴുതി ബാക്കിയെണ്ണം ക്ലിപ്തപ്പെടുത്താറില്ല. മോഷ്ടിക്കപ്പെടുന്നില്ലായെന്ന് ഉറപ്പു വരുത്താൻ എന്തെങ്കിലും നടപടി എടുക്കാനുള്ള നിർദ്ദേശമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ : സർ, വേൾഡ്ബാങ്കിന്റെ മൊത്തം സഹായം 60 കോടി രൂപയാണ്. 2 കോടിയിൽ താഴെ തുകയ്ക്കുമാത്രമേ പ്രവർത്തനം നടന്നിട്ടുള്ളൂ. നഴ്സറിയിൽ ഉൽപ്പാദിപ്പിക്കുന്ന തൈകൾ വിതരണം ചെയ്യുന്നതു സംബന്ധിച്ച് ഇക്കൊല്ലം വ്യക്തമായ കണക്കുകൾ വേണമെന്നു ജില്ലാകളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതാതു ജില്ലകളിലെ സാമൂഹ്യസംഘടനാ പ്രതിനിധികളുടെ സഹകരണത്തോടുകൂടിയാണ് വിതരണം ചെയ്യുന്നത്. അങ്ങനെ വിതരണം ചെയ്യുമ്പോൾ സാമൂഹ്യ സംഘടനകളും ഗ്രാമപഞ്ചായത്തുകളും കൃത്യമായ കണക്കുകൾ ശേഖരിക്കണമെന്നു പറഞ്ഞിട്ടുണ്ട്. ഈ സാമൂഹ്യ സംഘടനകളുടെ തന്നെ ഏഴായിരത്തോളം യൂണിറ്റുകളുടെ സഹകരണം ഇത്തവണ തൈവിതരണത്തിനു ലഭിക്കുമെന്നാണ് എനിക്ക് ഈയിടെ കിട്ടിയ റിപ്പോർട്ട്.

ശ്രീമതി കെ. ആർ. ഗൗരി : സാമൂഹ്യവനവൽക്കരണ പരിപാടിയിൽ സാമൂഹ്യ സംഘടനകൾക്ക് മാത്രമല്ല തൈകൾ കൊടുക്കുക. സ്വകാര്യവ്യക്തികൾക്കും തൈ കൊടുക്കാറുണ്ട്. എത്ര തൈ ആർക്കൊക്കെ കൊടുത്തു എന്നതിനു യാതൊരു രേഖയും ഇല്ല. തൈ വിതരണം ചെയ്യുന്ന ചടങ്ങുകളിൽ എം. എൽ. എ. മാരെന്ന നിലയിൽ ഞങ്ങളെയൊക്കെ വിളിക്കാറുണ്ട്. ഞങ്ങളൊക്കെ പോകാറുമുണ്ട്. യാതൊരു കണക്കുമില്ലാതെയാണ് അവിടെ തൈകൾ കൊടുക്കുന്നത്. ഇന്നത്തെ വിതരണ സമ്പ്രദായം വെട്ടിപ്പും അഴിമതിയും നടത്തുന്നതിന് സൗകര്യപ്പെടുന്ന വിധത്തിലായതു കൊണ്ട് ഇതു മാറ്റുന്നതിനും കണക്കുകളും റിക്കാർഡുകളുമൊക്കെ ഉണ്ടാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : സർ, ഇത്തവണ തൈകൾ വിതരണം ചെയ്യുന്നത് ഏജൻസി മുഖേനയാണ്. വനംവകുപ്പ് നേരിട്ടോ സാമൂഹ്യ സംഘടനകൾ വഴിയോ ആർക്കെങ്കിലും തൈകൾ കൊടുത്താൽ വ്യക്തമായ കണക്കുകൾ വേണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. അതിൽ എന്തെങ്കിലും പോരായ്മകൾ എവിടെയെങ്കിലും ഉണ്ടെങ്കിൽ തീർച്ചയായിട്ടും മുഴുവൻ സ്ഥിതിവിവരക്കണക്കുകളും വയ്ക്കുന്നതിനും സൂക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. ജിനദേവൻ : സർ, 16 കോടി 88 ലക്ഷം തൈകൾ വിതരണം ചെയ്തെന്നാണ് പറഞ്ഞത്. അത് എണ്ണിത്തീർക്കാൻ തന്നെ ബുദ്ധിമുട്ടാണ്. ഇതെല്ലാം വിവിധ സാമൂഹ്യസംഘടനകൾ വഴിയാണ് വിതരണം ചെയ്തതെന്നു പറഞ്ഞു. ഇതിന് എന്തെങ്കിലും രേഖകളോ രജിസ്റ്ററോ ഉണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : സർ, ഈ വർഷം തൈകൾ വിതരണം ചെയ്തത് നെഹ്രുയുവക് കേന്ദ്രം, ശാസ്ത്ര സാഹിത്യപരിഷത്ത്, സോഷ്യൽ ഫോറസ്ട്രി ബോർഡ്, കാൻഫെഡ് തുടങ്ങിയ ഒട്ടനവധി സംഘടനകൾ വഴിയാണ്. എല്ലാംകൂടി ഏതാണ്ട് ഏഴായിരത്തോളം യൂണിറ്റുകൾ ഈ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നെന്നാണ് ജില്ലാകളക്ടർമാരുമായി നടത്തിയ ചർച്ചകളിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്.

ഈ 16 കോടി സംസ്ഥാനത്തൊട്ടാകെയുള്ള നഴ്സറികളിൽനിന്നാണ്. എന്തായാലും ശരി അത്രയധികം തൈകൾ ജനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഗൗരി നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ വ്യക്തികൾക്കും കൊടുക്കുന്നുണ്ട്. ഈ സംഘടനകൾ മുഖേന നടത്തിയ പ്രവർത്തനങ്ങൾക്കെല്ലാം വിശദമായ റിക്കാർഡുകളും കണക്കുകളും ഉണ്ട്.

ശ്രീ. എം. ജിനദേവൻ : സർ, നമ്മുടെ കേരളത്തിന്റെ വിസ്തീർണ്ണം വച്ചു നോക്കിയാൽ 16 കോടി 88 ലക്ഷം തൈകൾ വച്ചുപിടിപ്പിക്കാനുള്ള സ്ഥലം കേരളത്തിലില്ല എന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : സർ, അത്രയൊന്നുമല്ല. വേൾഡ്ബാങ്ക് ഈ സ്കീം അംഗീകരിച്ചതുതന്നെ കേരളത്തിന്റെ വിസ്തീർണ്ണവും മറ്റ് കാര്യങ്ങളുമൊക്കെ പരിശോധിച്ചതിനുശേഷമാണ്. അവരുടെ കണക്കനുസരിച്ച് ഇനിയും 30 കോടിയിൽ പരം തൈകൾ കൂടി വയ്ക്കാം. അതുകൊണ്ടാണ് വേൾഡ്ബാങ്ക് ഈ സ്കീം അംഗീകരിച്ചത്.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : സർ, സാമൂഹ്യവനവൽക്കരണ പരിപാടിയുടെ ഭാഗമായി വ്യാപകമായ തോതിൽ യൂക്കാലിപ്റ്റ്സ് വച്ചു പിടിപ്പിക്കുകയാണ്. അതിന്റെ ഫലമായി ആ പ്രദേശങ്ങളിൽ മണ്ണിന്റെ ഫലപുഷ്ടിയും അതോടൊപ്പം ജലാംശവും പൂർണ്ണമായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതു പരിഗണിച്ച് യൂക്കാലിപ്റ്റ്സിനുപകരം ആ പ്രദേശങ്ങളിൽ റബ്ബർ വച്ചുപിടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : സർ, സോഷ്യൽ ഫോറസ്ട്രിയുടെ വകയായി റബ്ബർ വച്ചുപിടിപ്പിക്കാൻ സാദ്ധ്യമല്ല. ചില സ്ഥലങ്ങളിലാണ് ഇങ്ങനെ പ്രശ്നം ഉണ്ടായിട്ടുള്ളത്. എന്തായാലും ഗവൺമെന്റ് ഇപ്പോൾ അതിനെ പ്രോൽസാഹിപ്പിക്കുന്നില്ല. അതിന്റെ ശതമാനം കുറച്ചുകൊണ്ടുവരികയാണ്.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : സർ, 16 കോടിയിൽ പരം വൃക്ഷത്തൈകൾ നമ്മുടെ സംസ്ഥാനത്ത് വനവൽക്കരണപരിപാടിയുടെ ഭാഗമായി വച്ചുപിടിപ്പിച്ചെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതിൽ ഒന്നു രണ്ട് സ്ഥലങ്ങളിൽ ഇതു സംബന്ധമായ സർവ്വേ നടത്തിയിട്ടുണ്ടെന്നു പറഞ്ഞു. സംസ്ഥാനവ്യാപകമായി വച്ച് പിടിപ്പിച്ച തൈകളിൽ ഇന്ന് എത്ര ശതമാനം നിലനിൽക്കുന്നു എന്നതിനെ സംബന്ധിച്ച് വ്യക്തമായ കണക്കെന്തെങ്കിലും ശേഖരിച്ചിട്ടുണ്ടോ? എത്ര ശതമാനം ഇപ്പോൾ നിലനിൽക്കുന്നെന്നു പറയാമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : സർ, രണ്ട് സ്ഥലങ്ങളിൽ ഒരു സാമ്പിൾ സർവ്വേ മാത്രമാണ് ഇപ്പോൾ നടത്തിയിട്ടുള്ളത്. സംസ്ഥാനത്തൊട്ടാകെ പൊതുജനങ്ങൾക്ക് വിതരണം ചെയ്ത തൈകളെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ആ തൈകളിൽ എത്രയെണ്ണം അവശേഷിക്കുന്നു എന്നുള്ളതിനെക്കുറിച്ച് പരിശോധിക്കുന്നതിന് വിശദമായ ഒരു സർവ്വേ നടത്താൻ ഗവൺമെന്റ് പരിപാടി ആവിഷ്ക്കരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, 16 കോടി 88 ലക്ഷം തൈകൾ വച്ചുപിടിപ്പിച്ചു എന്നു പറഞ്ഞു. അതിന് ചെലവായ തുക എത്രയാണെന്ന് വെളിപ്പെടുത്താമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : സർ, അതിന്റെ കൃത്യമായ കണക്ക് ഇപ്പോൾ എന്റെ കൈവശം ഇല്ല. ഏതാണ്ട് 12 കോടിയിൽ പരം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് 16 കോടി തൈകൾ വച്ചുപിടിപ്പിച്ചതിനു മാത്രമല്ല. സാമൂഹ്യവനവൽക്കരണപരിപാടിയുടെ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ കുറെ വർഷങ്ങളായി നടന്നു വരുന്ന പരിപാടികൾക്കൊട്ടാകെ 12 കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ.

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, സാമൂഹ്യവനവൽക്കരണ പരിപാടിയോടനുബന്ധിച്ചു ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് നേരിട്ട് എത്ര തൈകൾ വച്ചു പിടിപ്പിച്ചു എന്ന് രേഖയുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : സർ, വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നേരിട്ട് വച്ചുപിടിപ്പിച്ച തൈകളുടെ കണക്കുണ്ട്. അത് ഇപ്പോഴെന്റെ കയ്യിലില്ല.

ശ്രീ. കോലിയക്കോട് കൃഷ്ണൻനായർ : സർ, നന്ദിയോട് പഞ്ചായത്തിൽ വട്ടപ്പൻകാട്ടിൽ ഒരു മോഡൽ ട്രൈബൽ സെന്റർ സ്ഥാപിക്കുന്നതിനുവേണ്ടി മാറ്റിയിട്ടിരുന്ന 8 ഹെക്ടർ ഭൂമിയിൽ പുതുതായി വനം വച്ചുപിടിപ്പിക്കാൻ സർക്കാർ പരിശ്രമിക്കുന്നു എന്നു പറയുന്നു. ഇതിനെ സംബന്ധിച്ച് ഗിരിജനങ്ങളുടെ പരാതി വല്ലതും കിട്ടിയിട്ടുണ്ടോ? അങ്ങനെയാണെങ്കിൽ ആ ഭൂമി തിരിച്ചുകൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : സർ, ഗിരിജനങ്ങൾക്ക് അങ്ങനെ സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട്. ഇങ്ങനെയൊരു നിവേദനം എനിക്ക് കിട്ടിയിരുന്നു. 5 ഏക്കർ സ്ഥലം അവരുടെ വിവിധ ആവശ്യങ്ങൾക്കുവേണ്ടി മാറ്റിത്തരണമെന്നാണ് പറഞ്ഞിരുന്നത്. ഞാൻ അവരുടെ കടലാസ്സെല്ലാം പരിശോധിച്ചു. ഓരോകാലത്ത് മന്ത്രിമാർക്കും ഉദ്യോഗസ്ഥന്മാർക്കും കൊടുത്ത പരാതികൾക്ക് നിങ്ങളുടെ കത്ത് കിട്ടിയിട്ടുണ്ടെന്നു പറഞ്ഞു കൊടുത്ത മറുപടിയാണ് അവർ ഭൂമി കിട്ടിയതായിട്ടുള്ള രേഖയായി എന്റെയടുത്ത് കൊണ്ടുവന്നു കാണിച്ചത്. ഞാൻ അവരോട് ഒരു കാര്യം പറഞ്ഞു. അവർക്ക് അത്യാവശ്യം കിട്ടേണ്ട സ്ഥലങ്ങൾ ഏതെന്ന് പറഞ്ഞാൽ അത് അനുവദിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കാം എന്ന് അവരോടു പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : സർ, 16 കോടി 88 ലക്ഷം തൈകൾ വിതരണം ചെയ്തതിൽ ഉദ്ദേശം 90 ശതമാനം കേടുകൂടാതെ പിടിച്ചിട്ടുണ്ട് എന്നാണ് സാമ്പിൾ സർവ്വേ റിപ്പോർട്ട്. സോഷ്യൽ ഫോറസ്ട്രിക്കുവേണ്ടി അധികം ചെലവ് ചെയ്യാത്ത കണ്ണൂർ, തിരുവനന്തപുരം ജില്ലകളിലാണ് സർവ്വേ നടത്തിയത്. കൂടുതൽ പണം മുടക്കിയ ഇടുക്കി അടക്കമുള്ള പല ജില്ലകളിലും സർവ്വേ നടത്തിയിട്ടില്ല. ഏത് ഏജൻസിയാണ് സർവ്വേ നടത്തിയത്? ഇങ്ങനെ 80 ശതമാനം തൈകളും രക്ഷപ്പെട്ടു പിടിച്ചു നിൽക്കുന്നോയെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ : സർ, ഉത്തരത്തിൽ തന്നെ പറഞ്ഞിട്ടുള്ളത് തിരുവനന്തപുരത്ത് ഒരു സ്ഥലത്തും ഇടുക്കിയിൽ വേറൊരു സ്ഥലത്തുമാണ് സാമ്പിൾ സർവ്വേ നടത്തിയിട്ടുള്ളതെന്നാണ്. ഈ 16 കോടി തൈകൾ വിതരണം ചെയ്തിട്ടുള്ള കേരളത്തിലൊട്ടാകെയുള്ള സ്ഥലങ്ങളിൽ സർവ്വേ നടത്തിയിട്ടില്ല. സംസ്ഥാന തലത്തിൽ സാമൂഹ്യസംഘടനാ തലവന്മാർ ഉൾക്കൊള്ളുന്ന ഒരു സോഷ്യൽ ഫോറസ്ട്രി കമ്മിറ്റിയുണ്ട്. ആ കമ്മിറ്റി നേരിട്ട് അടുത്തവർഷം ഈ തൈകളുടെ അതിജീവന ശതമാനം പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെതന്നെ ഒരു പ്രത്യേക ഏജൻസിയെ വച്ച് സംസ്ഥാനത്തൊട്ടാകെ വിപുലമായ തോതിൽ പരിശോധന നടത്താനും ഗവൺമെന്റ് ആലോചിച്ചുവരികയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

II. അനുമോദനം

മി. സ്പീക്കർ : ഭാരതീയ സാഹിത്യപുരസ്കാരങ്ങളിൽ ഏറ്റവും ഉന്നതമായ ജ്ഞാനപീഠം അവാർഡ് നമ്മുടെ അഭിമാനസ്തംഭമായ ശ്രീ. പി. തകഴി ശിവശങ്കരപ്പിള്ളക്ക് ലഭിച്ചതിൽ കേരളീയരായ നാമെല്ലാം ആഹ്ലാദപുളകിതരായി കഴിയുകയാണല്ലോ. മഹാകവി ജി. ശങ്കരക്കുറുപ്പിനും ശ്രീ. എസ്. കെ. പൊറ്റക്കാടിനും ശേഷം മൂന്നാമതായി ഈ അപൂർവ്വ ബഹുമതി ലഭിക്കുന്ന കേരളീയനാണ് അതുല്യ പ്രതിഭാശാലിയായ ശ്രീ. തകഴി. 'ചെമ്മീൻ' എന്ന നോവലിലൂടെ വിശ്വസാഹിത്യനഭോമണ്ഡലത്തിൽ ചിരപ്രതിഷ്ഠ നേടിയ ശ്രീ. തകഴി 'രണ്ടിടങ്ങഴി', 'കയർ' എന്നിങ്ങനെ നിരവധി നോവലുകളും എണ്ണമറ്റ ചെറുകഥകളും രചിച്ചിട്ടുണ്ട്. സാഹിത്യരംഗത്തെ അപൂർവ്വ സംഭാവനകളെ വിലയിരുത്തി അദ്ദേഹത്തിന് പദ്മഭൂഷൻ അവാർഡും 'കയർ' എന്ന നോവലിന് വയലാർ അവാർഡും ലഭിച്ചിട്ടുണ്ട്. അത്യുന്നതമായ ഈ ബഹുമതി അദ്ദേഹത്തിന് ലഭിച്ചതിൽ സഭക്കുള്ള അനുമോദനങ്ങൾ നമുക്കിവിടെ രേഖപ്പെടുത്താം.

(സഭ അനുമോദനം രേഖപ്പെടുത്തി.)

III. അടിയന്തിരപ്രമേയം

വിദ്യാർത്ഥികളുടെ നേർക്കുള്ള ലാത്തിച്ചാർജ്ജ്

മി. സ്പീക്കർ : 28-7-1985-ന് കേരള യൂണിവേഴ്സിറ്റി സെനറ്റിലേക്കുള്ള വിദ്യാർത്ഥി പ്രതിനിധികളുടെ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് യൂണിവേഴ്സിറ്റി പരിസരത്ത് വച്ച് വിദ്യാർത്ഥികൾക്കെതിരെ പോലീസ് നടത്തിയ ലാത്തിച്ചാർജ്ജും വിദ്യാർത്ഥി വിഭാഗങ്ങൾ തമ്മിൽ ചേരിതിരിഞ്ഞ് നടത്തിയ തല്ലിനേയും തുടർന്ന് ഇന്ന് സംസ്ഥാനവ്യാപകമായി പഠിപ്പുമുടക്ക് ആഹ്വാനം ചെയ്തതിനെയും തുടർന്നുണ്ടായതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെപ്പറ്റി ചർച്ച ചെയ്യുന്നതിന് ഇന്നത്തെ സഭാ

LIBRARY ARCHIVES Kerala Legislative Assembly